(ഡി) പ്രസ്തുത വിവരങ്ങൾ സർക്കാർ തലത്തിൽ ശേഖരിച്ചിട്ടില്ല.

(ഇ) ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ യഥാസമയം തദ്ദേശഭരണ സ്ഥാപനങ്ങൾവഴി നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരികയാണ്.

പ്രൊമോഷനിലെ അപാകത പരിഹരിക്കാൻ നടപടി

94 [3145] ശ്രീ. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ സർവ്വീസ് സംഘടനകളുമായി 2004 ജൂലായ് അഞ്ചിന് നടത്തിയ ചർച്ചയിലെ തീരുമാനമനുസരിച്ചുള്ള നടപടികൾ ഏതുവരെയായിയെന്ന് വ്യക്തമാക്കാമോ;

(ബി) വർഷങ്ങളായി തെറ്റായ പ്രൊമോഷൻ നടത്തിവരുന്നത് ഒഴിവാക്കുവാൻ ചർച്ചയിലെ തീരുമാനമനുസരിച്ച് എക്സിക്യൂട്ടീവ് ഓർഡർ പുറപ്പെടുവിക്കുമോ?

ഉത്തരം

(എ ആന്റ് ബി) ചർച്ചയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു.

ഗവൺമെന്റ് ആശുപത്രികളിൽ വികസന സമിതി രൂപീകരിക്കൽ

95 [3146] ശ്രീ. എം. എം. ഹസ്സൻ:

,, ബി. വിജയകുമാർ:

,, എ. കെ. മണി:

,, വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം തരത്തിലുള്ള ഗവൺമെന്റ് ആശുപത്രികൾക്കാണ് വികസന സമിതികൾ രൂപീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) എല്ലാ ഗവൺമെന്റ് മെഡിക്കൾകോളേജ് ആശുപത്രികൾക്കും വികസന സമിതികൾ രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കിൽ ഇവയുടെ അക്കൗണ്ട് എവിടെയാണ് തുറന്നിട്ടുള്ളത്;

(ഡി) ഇവയുടെ പണം ഏതെല്ലാം ബാങ്കുകളിലാണ് നിക്ഷേപിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; ഈവനിംഗ് കൗണ്ടറും, സൺഡേ കൗണ്ടറും ഉള്ള ബാങ്കുകൾ ഈ മെഡിക്കൽ കോളേജുകളുടെ സമീപത്തുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly